# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലേയ്ക്കുള്ള ക്ലാസ്- IV ജീവനക്കാരുടെ പ്രൊമോഷൻ (2023 കാലയളവിലെ) സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആർ.ഒ.സി.1045/86/എസ്റ്റ-എ | തീയതി: 11/06/2024

സൂചന:- 1. 10/05/2024-ലെ ഇതേ നമ്പർ ഉത്തരവ്.
2. തിരുവനന്തപുരം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 16/05/2024, 23/05/2024 തീയതികളിലെ യഥാക്രമം 909, 935 നമ്പർ റിപ്പോർട്ടുകൾ
3. ആറന്മുള അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 18/05/2024, 30/05/2024 തീയതികളിലെ യഥാക്രമം 568, 696 നമ്പർ റിപ്പോർട്ടുകൾ

## ഉത്തരവ്

സൂചന (1) ഉത്തരവ് പ്രകാരം ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ പ്രൊമോഷൻ അനുവദിച്ചിരുന്ന,ക്രമ നമ്പർ(1) ശ്രീ.വി.പത്മനാഭൻ നമ്പൂതിരി, ശാന്തി, ചെന്തിട്ട ദേവസ്വം, തിരുവനന്തപുരം ഗ്രൂപ്പ്, ക്രമ നമ്പർ (8) ശ്രീ.രമേഷ്ബാബു ശാന്തി, കൈപ്പുഴ ദേവസ്വം, ആറന്മുള ഗ്രൂപ്പ് എന്നിവർ പ്രൊമോഷൻ ഉപേക്ഷിക്കുന്നതായി വിവരിച്ച്കൊണ്ട് അപേക്ഷ സമർപ്പിച്ചു (സൂചന 2, 3).

ആയത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി ലിസ്റ്റിലെ അടുത്ത സീനിയർമാരായ ചുവടെ വിവരിക്കുന്ന ക്ലാസ്- IV ജീവനക്കാർക്ക് ക്ലാർക്ക് / സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലേയ്ക്ക് 26,500 - 60,700 രൂപ ശമ്പള സ്കെയിലിൽ പ്രൊമോഷൻ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, നിലവിൽ ജോലി നോക്കിവരുന്ന ലാവണം, സ്ഥലം | പ്രൊമോഷൻ അനുവദിക്കുന്ന ആഫീസ്/ദേവസ്വം |
|---|---|---|
| 1. | ശ്രീ.എസ്.അനിൽകുമാർ<br>സംബന്ധി, തുറവൂർ ദേവസ്വം<br>വൈക്കം ഗ്രൂപ്പ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>തിരുപുരം സബ്ഗ്രൂപ്പ്, വൈക്കം ഗ്രൂപ്പ്. |
| 2. | ശ്രീ.ആർ.രാജേഷ്<br>വാച്ചർ, ശാസ്താംകോട്ട ദേവസ്വം<br>കരുനാഗപ്പള്ളി ഗ്രൂപ്പ് | സെക്കന്റ് ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ<br>(Against Vacancy)<br>ആദിനാട് ശക്തികുളങ്ങര സബ്ഗ്രൂപ്പ്<br>കരുനാഗപ്പള്ളി ഗ്രൂപ്പ് |

മേൽ വിവരിക്കുന്നവർക്ക്, തുടർച്ചയായ മൂന്ന് വർഷത്തെ ഡ്യൂട്ടിയിൽ രണ്ട് വർഷം പ്രൊബേഷൻ കാലയളവായിരിക്കും. കൂടാതെ സബ്ഗ്രൂപ്പ് ആഫീസർമാരായി നിയോഗിച്ചിട്ടുള്ളവർ ഗ്രൂപ്പിനുള്ളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർമാരിൽ നിന്നും ടിയാളുകളുടെ ജോലിയ്ക്ക് തടസ്സം ഉണ്ടാകാത്തവിധം പ്രവേശന തീയതി മുതൽ തുടർന്നുള്ള

(മറുപുറം..)

20 ദിവസത്തെ പ്രായോഗിക പരിശീലനം നേടേണ്ടതാണ്. ദേവസ്വം ആഫീസുകളിൽ നിയമനം നടത്തിയിട്ടുള്ളവർക്ക് ഓഫീസ് തലവന്റെ നേതൃത്വത്തിൽ 20 ദിവസത്തെ പരിശീലനം നൽകേണ്ടതാണ്.

ടി പ്രായോഗിക പരിശീലനം നൽകിയത് സംബന്ധിച്ചും,പരിശീലനാർത്ഥികളുടെ മികവ് സംബന്ധിച്ചും ഒരു റിപ്പോർട്ട് ബന്ധപ്പെട്ട ഓഫീസ് തലവൻ/ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർമാർ ലഭ്യമാക്കേണ്ടതാണ്.

ദേവസ്വം കമ്മീഷണർ
ഇൻ ചാർജ്ജ്
ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

പകർപ്പ്:-

1. എല്ലാ ആഫീസ് / ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഐ.റ്റി സെക്ഷൻ
3. സെക്ഷൻ ഫയൽ

AR.11/06